"ഭരണഭാഷ-മാതൃഭാഷ"

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തസ്വഭവ - ലോക്കൽ ഇൻഫ്രാസ്ട്രക്ചർ
ഡവലപ്മെന്റ്&എഞ്ചിനീയറിംഗ് വിംഗ്
റവന്യൂ കോംപ്ലക്സ്, മൂന്നാംനില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം -33

Phone : 0471 – 2324951
0471 – 2325071
Tele Fax : 0471 – 2324951
Email: celsgd@gmail.com
Website : www.celsgd.kerala.gov.in

നം. ഡിബി.1/7778/10/സിഇ/എൽ.ഐ.ഡി&ഇ.ഡബ്ല്യു തീയതി: 25/05/2021

# സർക്കുലർ

വിഷയം:- ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് & എഞ്ചിനീയറിംഗ് വിംഗ് – മരാമത്ത് പ്രവൃത്തികളുടെ വൈകല്യ ബാധ്യത കാലയളവ് – സുരക്ഷാ നിക്ഷേപം – തിരികെ നൽകുന്നത് – സംബന്ധിച്ച്

സൂചന:- ജി.ഒ (പി) നം. 161/2019/ഫിൻ, തീയതി 25/11/2019

*****

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തരം നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ എഗ്രിമെന്റ് സമയത്ത് കരാറുകാരൻ നൽകുന്ന സുരക്ഷാനിക്ഷേപം വൈകല്യ ബാധ്യത കാലയളവിന് ശേഷം തിരികെ നൽകുമ്പോൾ പ്രവൃത്തിയുടെ അപ്പോഴത്തെ അവസ്ഥ, നിലവാരം എന്നത് സംബന്ധിച്ച് കൃത്യമായ പരിശോധന എഞ്ചിനീയർമാരുടെ ഭാഗത്തു നിന്നും ഉണ്ടാകുന്നില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സുരക്ഷാ നിക്ഷേപം തിരികെ നൽകുന്നതിന് മുമ്പ് വിശദമായ പരിശോധന നടത്തുകയും, വൈകല്യങ്ങൾ ഉള്ള പക്ഷം അവ പരിഹരിക്കേണ്ടതും, ആയതിന്റെ വ്യാപ്തി വിലയിരുത്തൽ നടത്തി ഗുണനിലവാരത്തെ ബാധിക്കുന്ന തകരാറുകൾ ഇല്ല എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. കൃത്യമായ വിലയിരുത്തൽ കൂടാതെയാണ് സുരക്ഷാ നിക്ഷേപം തിരികെ നൽകിയിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടാൽ ആയതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉത്തരവാദിയായിരിക്കും. ഇത് സംബന്ധിച്ച് സംസ്ഥാന തലത്തിലുള്ള കൃത്യമായ വിലയിരുത്തൽ നടത്തുന്നതിനായി നടപടികൾ കൈക്കൊണ്ടു വരുന്നു. മേൽ വിഷയത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധ ചെലുത്തേണ്ടതാണ്.

ചീഫ് എഞ്ചിനീയർ

എൻ.പി/-